# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5841** **30.07.2015 ൽ മറുപടിക്ക്**

## കാഞ്ഞങ്ങാട് റെയിൽവേസ്റ്റേഷൻ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഇ.ചന്ദ്രശേഖരൻ :** | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) യും<br>(ബി) യും | റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതും യാത്രക്കാർക്ക് ടോയ്ലറ്റ്, റസ്റ്റ്റൂം സൗകര്യങ്ങൾ ഒരുക്കേണ്ടതും റെയിൽവേയാണ്. 2015-16 ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ ബഹു. എം.പിമാർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ ഭാഗമായി കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ നവീകരണത്തിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യം വീണ്ടും റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |
| (ബി) | യാത്രക്കാർക്ക് ടോയ് ലറ്റ്,റസ്റ്റ്റൂം സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | | |
| (സി) | കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | രണ്ട് പോലീസുകാരെ നിയമിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റ് 05.02.2015 മുതൽ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ